DESPATCHED
On..20.1.2020
30.1.20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.1295(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.10185/SIC-Gen5/2016**

സന്നിഹിതൻ

ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ജി. സദാനന്ദൻ,
നിഖിൽ നിവാസ്,
വലിയകുളങ്ങര,
ഓച്ചിറ പി.ഒ., പിൻ – 690 526.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
   എൽ.എസ്.ജി.ഡി. ഡിവിഷൻ,
   ജില്ലാ പഞ്ചായത്ത്, തേവള്ളി പി.ഒ.,
   കൊല്ലം – 691 009.

2. അപ്പീൽ അധികാരി &
   എക്സിക്യൂട്ടീവ് എഞ്ചിനീയർ,
   എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
   എൽ.എസ്.ജി.ഡി. ഡിവിഷൻ,
   ജില്ലാ പഞ്ചായത്ത്, തേവള്ളി പി.ഒ.,
   കൊല്ലം – 691 009.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18/04/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06/05/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26/05/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25/06/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 11/08/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 18/08/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 30/09/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 21/10/2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കൊല്ലം |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജി.സദാനന്ദൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളിൽ എൽ.എസ്.ജി.ഡി.

എഞ്ചിനീയറിംഗ് വിഭാഗത്തിന് പ്രത്യേക ഓഫീസ് നിലവിൽ വരുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ മരാമത്ത് പണികളുടെ ചുമതല വഹിച്ചിരുന്ന സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ/ഓഫീസിന്റെ വിവരം ലഭിച്ചില്ല എന്നും ഇക്കാര്യത്തിൽ ഒന്നാം അപ്പീൽ അധികാരി നൽകിയ മറുപടിയും തൃപ്തികരമല്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. പോച്ചയിൽമുക്ക് – മണലാടിമുക്ക് ഫുട്ട്പാത്തിന്റെ യഥാർത്ഥ നീളം എത്ര മീറ്ററാണെന്നും

ii. മേൽപ്പടി ഫുട്ട്പാത്തിന്റെ എത്ര മീറ്റർ നീളമാണ് 3 മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്തിട്ടുള്ളത് എന്നും

iii. മേൽപ്പടി ഫുട്ട്പാത്തിൽ നിന്നും ഏത് കോളനിക്ക് അകത്തേക്കാണ് ഒന്നര മീറ്റർ വീതിയിൽ കോൺക്രീറ്റ് നടത്തിയിട്ടുള്ളത് എന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷിയുടെ മറുപടി കത്തിൽ കാണിച്ചിട്ടുള്ള അപേക്ഷാ തീയതി തെറ്റാണെന്നും 18.4.2016 തീയതിയാണ് ടിയാന്റെ അപേക്ഷാ തീയതി എന്നും ടിയാന്റെ അപേക്ഷയിലെ 1, 2, 3, 4, 5 എന്നീ ഇനങ്ങൾ സംബന്ധിച്ച് നൽകിയിട്ടുള്ള മറുപടി തൃപ്തികരമല്ലെന്നും അപ്രകാരം തന്നെ ടിയാന്റെ അപേക്ഷയിലെ II-ാം ഇനം സംബന്ധിച്ച് മറുപടി നൽകിയിട്ടില്ല എന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട എല്ലാ ഇനങ്ങൾ സംബന്ധിച്ചും മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. 7-ാം ഇനം സംബന്ധിച്ച് (ഹർജിക്കാരന്റെ അപേക്ഷയിലെ II-ാം ഇനം) അറിയിച്ചത്, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന് പ്രത്യേക ഓഫീസുകൾ നിലവിൽ വരുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തുകളിലെ മരാമത്ത് പണികളുടെ സൂപ്പർവിഷൻ സംബന്ധിച്ച വിവരങ്ങൾ മേൽപ്പടി ഓഫീസിൽ ലഭ്യമല്ല എന്നാണ്.

3. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കൊല്ലം ജില്ലയിൽ 70 ഓളം ഗ്രാമപഞ്ചായത്തുകൾ നിലവിലുണ്ടായിരുന്നു എന്നും എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന് പ്രത്യേക ഓഫീസുകൾ നിലവിൽ വരുന്നതിന് മുമ്പ് ചില പഞ്ചായത്തുകളിൽ ടെക്നിക്കൽ വിഭാഗം ജീവനക്കാരുണ്ടായിരുന്നു എന്നും എന്നാൽ ബാക്കിയുള്ള പഞ്ചായത്തുകളിൽ പി.ഡബ്ല്യൂ.ഡി, ഇറിഗേഷൻ എന്നീ വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും മറ്റും ജീവനക്കാർ ജോലി ചെയ്തിരുന്നു എന്നും അത്തരം ജീവനക്കാരായിരുന്നു മാരാമത്ത് പ്രവൃത്തികൾക്ക് മേൽനോട്ടം വഹിച്ചിരുന്നത് എന്നും മേൽപ്പടി വിഷയത്തിൽ ശരിയായ വിവരങ്ങൾ ഓരോ പഞ്ചായത്തിൽ നിന്നും ശേഖരിക്കേണ്ടതാണെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള പ്രധാന ആക്ഷേപം ടിയാന്റെ

അപേക്ഷയിലെ 7-ാം ഇനം സംബന്ധിച്ചാണെന്ന് കാണുന്നു. മേൽപ്പടി ഇനം സംബന്ധിച്ച് രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുളള വസ്തുതകൾ അംഗീകരിക്കത്തക്കതാണെന്ന് കാണുന്നു. ഹർജിക്കാരൻ മേൽപ്പടി ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ വിവിധ പഞ്ചായത്തുകളിൽ നിന്നും ശേഖരിക്കേണ്ടതാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ രണ്ടാം എതിർകക്ഷി നൽകിയ വിവരത്തിൽ അപാകതയില്ല എന്നും കാണുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION ★ KERALA THIRUVANANTHAPURAM ★

us

RIGHT TO INFORMATION